I ഇ.ബി. XIII-കേരള നിയമസഭ/XV-1

**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 നവംബർ 30, തിങ്കൾ

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം 2015 നവംബർ മാസം 30-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## ചരമോപചാരം

കേരള നിയമസഭാംഗങ്ങളായിരുന്ന പി.ജി. പുരുഷോത്തമൻ പിള്ള, എൻ.പി. മൊയ്തീൻ, കെ. സോമശേഖരൻ നായർ എന്നിവരുടെ നിര്യാണം

കേരള നിയമസഭാംഗങ്ങളായിരുന്ന പി.ജി. പുരുഷോത്തമൻ പിള്ള, എൻ.പി. മൊയ്തീൻ, കെ. സോമശേഖരൻ നായർ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## അറിയിപ്പ്

ശ്രീ. പി.സി. ജോർജിന് അയോഗ്യത കല്പിച്ചതു സംബന്ധിച്ച്

മി. സ്പീക്കർ: ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. തോമസ് ഉണ്ണിയാടൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 191(2) പത്താം പട്ടിക ഖണ്ഡിക 2 (1 a) പ്രകാരം ശ്രീ. പി.സി. ജോർജ്, എം.എൽ.എ. ആ സ്ഥാനത്തിന് അയോഗ്യനായിത്തീർന്നിരിക്കുന്നതായി കണ്ടെത്തിയതിനാൽ കേരള നിയമസഭയിൽ പൂഞ്ഞാർ അസംബ്ലി നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന ശ്രീ. പി.സി. ജോർജിന് നിയമസഭാംഗമായി തുടരുന്നതിന് 03-06-2015 മുതൽ അയോഗ്യത കൽപിച്ച വിവരം 1986-ലെ കേരള നിയമസഭാംഗങ്ങൾ കൂറുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ അയോഗ്യത കൽപിക്കുന്നതു സംബന്ധിച്ച ചട്ടങ്ങളിലെ 8-ാം

ചട്ടത്തിന്റെ രണ്ടാം ഉപ ചട്ടം അനുസരിച്ച് സഭയെ അറിയിക്കുന്നു.

## ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ ഡോ. എൻ. ജയരാജ്, വർക്കല കഹാർ, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലേയ്ക്കുള്ള ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## അടിയന്തര പ്രമേയം

വിജിലൻസ് കേസ് അട്ടിമറിച്ച സർക്കാർ നടപടി

മി. സ്പീക്കർ: മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു ബാർ ലൈസൻസ് ഫീ കുറയ്ക്കുന്നതിന്റെ പേരിൽ 10 കോടി രൂപ കോഴ ആവശ്യപ്പെട്ടതായും ഇതുസംബന്ധിച്ച് വ്യക്തമായ മൊഴികളും തെളിവുകളും വിജിലൻസിന് ലഭിച്ചിട്ടും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതെ അന്വേഷണം അവസാനിപ്പിച്ചതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, വി.എസ്. സുനിൽ കുമാർ, മാത്യു.ടി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ.രമേശ് ചെന്നിത്തല): ശ്രീ. ബിജു രമേശ് തിരുവനന്തപുരം കോടതി മുമ്പാകെ നൽകിയ മൊഴിയിൽ മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിനെതിരെ ചില ആരോപണങ്ങൾ ഉന്നയിച്ചതായി ശ്രദ്ധയിൽപെടുകയും നേരത്തെ അന്വേഷിച്ചുകൊണ്ടിരുന്ന കേസിന്റെ ഭാഗമായി ഇതും അന്വേഷിക്കാൻ കഴിയുമോയെന്ന് എസ്.പി. സുകേശനോട് വിജിലൻസ് ഡയറക്ടർ രേഖാമൂലം ആരായുകയും ചെയ്തു. പ്രസ്തുത ആരോപണം ഇപ്പോൾ അന്വേഷിച്ചുകൊണ്ടിരിക്കുന്ന കേസിന്റെ ഭാഗമല്ലെന്ന് മറുപടി ലഭിച്ചതിനെത്തുടർന്ന് വിജിലൻസ് ഡയറക്ടർ പ്രാഥമിക അന്വേഷണത്തിന് ഉത്തരവിട്ടു. എല്ലാ ആരോപണങ്ങളെ സംബന്ധിച്ചും ബന്ധപ്പെട്ട എല്ലാ സാക്ഷികളെയും കണ്ട് സമഗ്രമായ അന്വേഷണം നടത്തി വെളിവായ വസ്തുതകളുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കാൻ പര്യാപ്തമല്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ വേണ്ടെന്ന് തീരുമാനിക്കുകയുണ്ടായി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർക്കാർ വിജിലൻസിനെ നിയമാനുസൃതമായി പ്രവർത്തിക്കാൻ അനുവദിക്കില്ലെന്നുള്ളതാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണത്തിൽനിന്നും വ്യക്തമാകുന്നത്. എക്സൈസ് വകുപ്പു മന്ത്രിക്കെതിരെയുള്ള അഴിമതി ആരോപണം സംബന്ധിച്ച് അന്വേഷണം

നടന്നുവരുന്നതേയുള്ളൂ എന്നാണ് അഭ്യന്തര വകുപ്പുമന്ത്രി ഒരു ചോദ്യത്തിന് മറുപടി നൽകിയിട്ടുള്ളത്. ഇന്നത്തെ അദ്ദേഹത്തിന്റെ മറുപടിയിൽനിന്നും അത് ഒരു പ്രഹസനമാക്കിക്കഴിഞ്ഞു എന്ന് വ്യക്തമായിരിക്കുകയാണ്. കുറ്റാരോപിതനായ മന്ത്രിയെ രക്ഷിക്കാൻവേണ്ടിയാണ് പ്രിലിമിനറി എൻക്വയറി സംവിധാനം വീണ്ടും ഉണ്ടാക്കിയത്. ബാർ ലൈസൻസ് ഫീസ് 25 ലക്ഷം രൂപയായി ഉയർത്തണമെന്ന നികുതി വകുപ്പ് സെക്രട്ടറിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി പ്രസ്തുത ഫീസ് 30 ലക്ഷം രൂപയായി ഉയർത്താൻ സർക്കാർ തീരുമാനിച്ചുവെന്ന് ബാർ ഉടമകളുടെയും എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗത്തിൽ മന്ത്രി അറിയിച്ചതിനുശേഷം ഉദ്യോഗസ്ഥരെ ഒഴിവാക്കി രഹസ്യയോഗം ചേർന്ന് ലൈസൻസ് ഫീസ് കുറച്ചുതരാമെന്ന് ബാർ ഉടമകളെ അറിയിച്ചതും ക്യാബിനറ്റ് നോട്ടിൽ തുക തിരുത്തി എഴുതിയതും കോഴ വാങ്ങിയെന്നുള്ളതിന് വ്യക്തമായ തെളിവാണ്. ക്യാബിനറ്റ് നോട്ടിൽ തിരുത്തൽ വരുത്തിയത് ആരാണെന്ന് വ്യക്തമാക്കുകയും പ്രസ്തുത നോട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാകുകയും ചെയ്യണം. ബാർ ലൈസൻസ് ഫീസ് ഇനത്തിൽ സർക്കാർ ഖജനാവിന് കിട്ടേണ്ടിയിരുന്ന 49 കോടി രൂപ നഷ്ടപ്പെടുത്തിയ മന്ത്രിക്കെതിരെ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം. ബാർ കോഴക്കേസുമായി ബന്ധപ്പെട്ട രണ്ട് മന്ത്രിമാരിൽ

ഒരാൾക്കെതിരെ കേസ്സെടുക്കുകയും മറ്റൊരാളുടെ പേരിൽ കേസ്സെടുക്കാതിരിക്കുകയും ചെയ്ത നടപടിയിലൂടെ ഈ സർക്കാരിന്റെ നീതിന്യായ നിർവ്വഹണം പൂർണ്ണ പരാജയമാണെന്ന് വ്യക്തമാക്കപ്പെട്ടിരിക്കുകയാണ്. രണ്ട് മന്ത്രിമാർക്കെതിരെയുള്ള ഒരേ വിഷയം സംബന്ധിച്ച കേസുകളുടെ കാര്യത്തിൽ രണ്ട് തരത്തിലുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ശാസ്ത്രീയമായ അന്വേഷണം നടത്താൻ തയ്യാറാകാതെ ധൃതിപിടിച്ച് കേസിന്റെ അന്വേഷണം അവസാനിപ്പിച്ചത് എന്തിനാണെന്ന് വെളിപ്പെടുത്തണം. ഈ കേസിൽ പ്രധാന സാക്ഷികളെ ചോദ്യം ചെയ്തിട്ടില്ല. ആരോപണ വിധേയനായ മന്ത്രി ശ്രീ. കെ. ബാബുവിനെ മാറ്റിനിർത്തിക്കൊണ്ട് കേസ് അന്വേഷിക്കണം. ഇതുസംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു പൊതുപ്രവർത്തകനെതിരെ അഴിമതി ആരോപണം ഉണ്ടായാൽ എഫ്.ഐ. ആർ. രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് ഒരു പ്രാഥമിക അന്വേഷണം വേണമെന്ന് പറഞ്ഞിട്ടുണ്ട്. വിജിലൻസ് നിഷ്പക്ഷവും നീതിപൂർവ്വവുമായാണ് കേസ് അന്വേഷിക്കുന്നത്. ഓരോ കേസും വ്യത്യസ്ത സ്വഭാവമുള്ളവയാണ്. വിജിലൻസിന്റെ മുമ്പിൽ വരുന്ന കേസുകൾ പരിശോധിക്കുകയും തള്ളുകയും ചെയ്യുന്നത് അന്വേഷണങ്ങളുടെയും അവയിൽ

നിന്ന് ലഭിക്കുന്ന തെളിവുകളുടെയും അടിസ്ഥാനത്തിലാണ്. ശ്രീ. കെ. എം. മാണിയുടെ കേസിൽ ക്വിക്ക് വെരിഫിക്കേഷൻ സമയത്ത് പ്രധാന സാക്ഷികളാരും മൊഴി കൊടുക്കുന്നതിന് ഹാജരാകാത്തതിനാൽ ആരോപണങ്ങൾക്കനുസൃതമായ മൊഴിയിൽ ഒരു കൊഗ്നിസിബിൾ ഒഫൻസുള്ളതിന്റെ അടിസ്ഥാനത്തിലാണ് എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്തത്. ശ്രീ. കെ. ബാബുവിന്റെ കേസിൽ പ്രാഥമിക അന്വേഷണം നടത്തിയപ്പോൾ ആരോപണങ്ങളെല്ലാം അവാസ്തവമാണെന്ന് സാക്ഷികൾ മൊഴി നൽകിയ സാഹചര്യത്തിൽ എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്യപ്പെട്ടില്ല. വിജിലൻസിൽ കോടതി അവിശ്വാസം രേഖപ്പെടുത്തിയെന്ന് പറയുന്നത് ശരിയല്ല. ശ്രീ. കെ. എം. മാണിയുടെ കേസിൽ വിജിലൻസ് കൊടുത്ത റിപ്പോർട്ടിൻമേൽ തുടരന്വേഷണം വേണമെന്നാണ് കോടതി പറഞ്ഞിരിക്കുന്നത്. വിജിലൻസ് ഡയറക്ടറുടെയും എ.ഡി.ജി.പി-യുടെയും അധികാരം ചോദ്യം ചെയ്യപ്പെട്ട സാഹചര്യത്തിൽ വിജിലൻസ് ഹൈക്കോടതിയെ സമീപിച്ചതിന്റെ ഫലമായി തിരുവനന്തപുരം വിജിലൻസ് കോടതിയുടെ ഉത്തരവ് ഹൈക്കോടതി റദ്ദാക്കുകയും വിജിലൻസ് കോടതിയുടെ വിധി കേസന്വേഷണത്തെ ഒരു വിധത്തിലും ബാധിക്കാൻ പാടില്ലെന്ന് നിഷ്കർഷിക്കുകയും ചെയ്തു. കേസന്വേഷണത്തിനായി ഒരു യൂണിറ്റിനെ ചുമതലപ്പെടുത്തിയാൽ സംസ്ഥാനത്തിനകത്തോ പുറത്തോ പോയി അന്വേഷിക്കാൻ ആ യൂണിറ്റിന് അധികാരമുണ്ട്. സാഹചര്യ തെളിവുകളുടെയും

അന്വേഷണത്തിന്റെയും അടിസ്ഥാനത്തിലാണ് വിജിലൻസ് ഈ കേസ് മുന്നോട്ട് കൊണ്ടുപോയിട്ടുള്ളത്. ബാർ കോഴക്കേസുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റിനെതിരായി യാതൊരു പരാമർശവും ഉണ്ടായിട്ടില്ല. വിജിലൻസ് കൊടുത്ത റിപ്പോർട്ടിന്റെ പേരിൽ തുടരന്വേഷണം മാത്രമേ ഉണ്ടായിട്ടുള്ളൂ. ഉന്നതമായ മാനദണ്ഡങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഈ സംസ്ഥാനത്ത് വിജിലൻസ് പ്രവർത്തിക്കുന്നത്. വിജിലൻസിനെ രാഷ്ട്രീയമായി ഉപയോഗിക്കാതെ നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ അന്വേഷണം മുന്നോട്ടുകൊണ്ടുപോകാൻ സഹായിക്കുന്ന ഒരു ഗവൺമെന്റാണിത്. പൊതുജീവിതധാരയിൽ പ്രവർത്തിക്കുന്നവർക്കെതിരെ പല രീതിയിലുള്ള ആരോപണങ്ങൾ ഉയർന്നുവരാറുണ്ട്. ഈ ഗവൺമെന്റ് ഒരു അന്വേഷണത്തിനും എതിരല്ല. അന്വേഷണം നടത്തി വസ്തുതകൾ ജനങ്ങളുടെ മുമ്പിൽ കൊണ്ടുവരിക എന്നത് വിജിലൻസിന്റെ ചുമതലയാണ്. ഇന്ന് സർവ്വീസിൽ നിന്ന് വിരമിക്കുന്ന ശ്രീ. വിൻസൺ എം. പോൾ സത്യസന്ധവും ആത്മാർത്ഥവുമായി പ്രവർത്തിച്ച ഒരു വ്യക്തിയാണെന്നതിൽ കേരളത്തിലെ ജനങ്ങൾക്കും ഗവൺമെന്റിനും യാതൊരു സംശയവുമില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സത്യവുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ് പ്രതിപക്ഷ ഉപനേതാവ് ഇവിടെ സൂചിപ്പിച്ചത്. കേരള ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ ഈ കേസിന്റെ മെറിറ്റിലേക്ക് കടക്കുന്നില്ല. ഈ കേസ് സംബന്ധിച്ച് 6-6-2015-ന് റിപ്പോർട്ട് കൊടുക്കുകയും അന്വേഷണം അവസാനിപ്പിക്കുകയും ചെയ്തിരുന്നു. അതിനുശേഷം ശ്രീ. ബിജു രമേശ് ഉൾപ്പെടെയുള്ളവർ കേസന്വേഷണം അവസാനിപ്പിച്ചതിനെ ചോദ്യം ചെയ്യുകയോ കോടതിയെ സമീപിക്കുകയോ ചെയ്തിട്ടില്ല. എല്ലാ വർഷവും പ്രീ അബ്കാരി പോളിസി ചർച്ച ചെയ്യാറുണ്ട്. പ്രീ ബഡ്ജറ്റ് മീറ്റിംഗ് വിളിച്ച് കൂട്ടിയിട്ടില്ല. പ്രീ അബ്കാരി പോളിസി ചർച്ച ചെയ്യുന്നതിനായി മാർച്ച് 6-ാം തീയതി വിളിച്ചുചേർത്ത ഉദ്യോഗസ്ഥന്മാരുടെ യോഗത്തിലാണ് ബാർ ലൈസൻസ് ഫീസ് 23 ലക്ഷം രൂപയാക്കി ഉയർത്താൻ തീരുമാനിച്ചത്. ഇതുസംബന്ധിച്ച് ടാക്സസ് സെക്രട്ടറിയുടെയും എക്സൈസ് കമ്മീഷണറുടെയും റിപ്പോർട്ട് വിജിലൻസ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് 2013 ഫെബ്രുവരി 4-ാം തീയതി വിളിച്ചുചേർത്ത യോഗത്തെത്തുടർന്ന് ശ്രീ ബിജു രമേശ് പ്രമുഖരായ പല വ്യക്തികളെക്കുറിച്ചും വിജിലൻസ് ഉദ്യോഗസ്ഥർക്ക് മൊഴി നൽകുകയും 2014

മാർച്ച് 30-ന് എക്സൈസ് വകുപ്പുമന്ത്രിക്കെതിരെ സ്റ്റേറ്റ്മെന്റ് നൽകുകയും ചെയ്തു. തുടർന്ന് മാർച്ച് 31-ന് എക്സൈസ് വകുപ്പുമന്ത്രിയെന്ന നിലയിൽ പത്രസമ്മേളനം നടത്തുകയും ആരോപണങ്ങൾ നിഷേധിക്കുകയും ചെയ്തു. ക്യാബിനറ്റ് തീരുമാനപ്രകാരം അബ്കാരി പോളിസിയുടെ ഭാഗമായാണ് ബാർ ലൈസൻസ് ഫീസ് 23 ലക്ഷമാക്കി ഉയർത്തിയത്. ക്യാബിനറ്റ് നോട്ട് തിരുത്തിയിട്ടില്ല. കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കോടതി വിധി വരുന്നതുവരെ പ്രതിപക്ഷാംഗങ്ങൾ കാത്തിരിക്കണം. ഈ വിഷയത്തിൽ ധാർമ്മികമായി ഒരു തരത്തിലും പിന്നോട്ടു നിൽക്കേണ്ട കാര്യമില്ല. ആരോപണങ്ങൾ നിഷേധിക്കുന്നു.

## വ്യക്തിപരമായ വിശദീകരണം

ഡോ. ടി. എം. തോമസ് ഐസക്: 2013 ഫെബ്രുവരി 4-ാം തീയതി എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന്റെ നേതൃത്വത്തിൽ പ്രീ ബഡ്ജറ്റ് ഡിസ്കഷൻ നടത്തിയെന്ന് അദ്ദേഹം തന്നെയാണ് മൊഴി നൽകിയിരിക്കുന്നത്. ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് നിരക്ക് പ്രഖ്യാപിക്കുകയും സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് ആവശ്യമായ ഭേദഗതി വരുത്തുകയും ചെയ്യുന്ന പ്രൊസീഡ്യുവറാണ് അട്ടിമറിക്കപ്പെട്ടിരിക്കുന്നത്.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: ബാർ ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് 2007-ൽ ബാർ ഓണേഴ്സിന്റെ യോഗം വിളിച്ചുചേർത്തിട്ടില്ല; ലൈസൻസ് ഫീസ് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അന്നത്തെ ടാക്സസ് സെക്രട്ടറിയും എക്സൈസ് കമ്മീഷണറും നൽകിയ ശിപാർശകൾ അംഗീകരിക്കുക മാത്രമാണ് ചെയ്തത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ബാർ കോഴ കേസ് അന്വേഷിക്കുന്ന സമയത്ത് ശ്രീ. കെ. ബാബുവിനെതിരായ ആരോപണം അന്വേഷിക്കാമോയെന്ന് എസ്.പി സുകേശനോട് രേഖാമൂലം ആവശ്യപ്പെട്ടപ്പോൾ നിലവിലുള്ള കേസുമായി യാതൊരു ബന്ധവുമില്ലാത്തതുകൊണ്ട് അന്വേഷിക്കാൻ കഴിയില്ലെന്ന മറുപടി നൽകുകയുണ്ടായി. അതിനുശേഷമാണ് വിജിലൻസ് ഡയറക്ടർ ഒരു പ്രിലിമിനറി എൻക്വയറി നടത്തുന്നതിനായി എറണാകുളം യൂണിറ്റിനെ ചുമതലപ്പെടുത്തിയത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): 2 മന്ത്രിമാർക്കെതിരെയുള്ള കേസിൽ ഇരട്ട നീതിയാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിയിരിക്കുന്നത്. ഒരു മന്ത്രിസഭയിലെ മുഴുവൻ മന്ത്രിമാരും അഴിമതി ആരോപണങ്ങളിൽ കുടുങ്ങുന്ന അവസ്ഥ കേരള ചരിത്രത്തിൽ ഇതുവരെയുമുണ്ടായിട്ടില്ല. ഗുരുതരമായ ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിനാൽ ഞങ്ങൾ സഭയ്ക്കുള്ളിലിരുന്ന് പ്രതിഷേധിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളം വച്ചുകൊണ്ടിരുന്നതിനാൽ സ്പീക്കർ ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്യുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**നിയമനിർമ്മാണകാര്യം**

## താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (1) 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2) **2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ**

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. ഷിബു ബേബി ജോൺ: 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ രാവിലെ 11.05-ന് പിരിഞ്ഞു.

******